# ദർപ്പണം

പ്രോവിഡൻസ് ജി എച്ച് എസ് എസ്

2023-24

# OUR SCHOOL






Providence can provide
Providence did provide
Providence  will provide

# OUR FOUNDRESS
# MOTHER MARY VERONICA



അസാധ്യങ്ങളെ സ്നേഹം കൊണ്ടും കാരുണ്യം കൊണ്ടും സാധ്യമാക്കിയെടുത്ത അസാധാരണമായ ജീവിതമായിരുന്നു ധന്യയായ മദർ വെറോനിക്കയുടേത്. മദറിന്റെ ജീവിതത്തെ തൊട്ടുചേർന്ന് നിന്നു കാണുന്ന അനുഭവമാണ് ഈ വിദ്യാലയം നൽകുന്നത് ചരിത്രമുറങ്ങുന്ന കോഴിക്കോടിന്റെ മണ്ണിൽ പ്രൗഢിയോടെ നിലകൊള്ളുന്ന പ്രോഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ



# Sr.Minisha A.C

It gives me immense pleasure to present the digital magazine of our school. It is the talent and outcome of our students which is reflected through this . This is one of the best platform for our little kites students to present innovative ideas. Our magazine is a balanced collection of technical activities, poems, stories etc. I take this as an opportunity to thank our respected teachers who worked behind this magazine. And also for their inspiration and kind support for the children. I thank all the students for their wonderful response and enthusiastic participation without whom this would not have been possible. Last but not the least I thank my E magazine team without whom this would be a dream only. I respect their efforts and I am really proud of them. I hope you will enjoy 2024.....

# താളുകളിലൂടെ

- അശംസകൾ
- എഡിറ്റോറിയൽ ബോർഡ്
- എഡിറ്റോറിയൽ
- ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ്സ്
- പ്രോവിഡൻസ് സ്പന്ദനം
- മായാത്ത രോദനം
- പ്രകൃതി ഒരു മാസ്മരികത
- പൂമ്പാറ്റ
- പൂവിന്റെ വാർദ്ധക്യം
- വിദ്യാലയം
- ഭൂമിയെ പ്രണയിച്ച കൂട്ടുകാരൻ
- ചെമ്പരത്തി
- ഇനി ഒരു നേരം വേണ്ട
- മൗനനൊമ്പരം
- ഞാൻ
- Moon in night
- നിറക്കൂട്ട്
- കൃതജ്ഞത

# GREETINGS....



Are you ready to dive into the incredible world of mirror? This magazine is all about the students and their amazing ideas and talents. Mirror is like a reflection of our creativity and passion, Let’s make mirror shine with our unique perspectives. So get ready to dive into a world of captivating content crafted by our fellow students.....

Smt. Reena Francis

# എഡിറ്റോറിയൽ ബോർഡ്

ഹെഡ്മിസ്ട്രസ്സ് : സിസ്റ്റർ. മിനിഷ  എ.സി

ചീഫ് എഡിറ്റർ : ശ്രീമതി റീന ഫ്രാൻസിസ്

അസോസിയേറ്റ് എഡിറ്റർ : ഗ്ലാഡി  ഡിക്കോസ്റ്റ

സ്റ്റുഡൻ്റ എഡിറ്റർ : കുമാരി.ആയിഷ ഷദ

കുമാരി.നിദ പ്രമോദ്

കുമാരി.ഫാത്തിമ യുനുസ്

കുമാരി.ശ്രേയ. എ

Little KITEs

# എഡിറ്റോറിയൽ

ആധുനിക കാലത്ത് കലയെ ഉള്ളിലൊതുക്കി നടക്കുന്ന
വിദ്യാർത്ഥികളെ മനസ്സിലാക്കി ആ കലയെ
പുറത്തെടുപ്പിച്ചവരാണ് ലിറ്റിൽ കൈറ്റസ് . വിദ്യാർത്ഥികളുടെ
സ്വന്തം സർഗാത്മക കഴിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ്
ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഇന്നത്തെ
ചിന്തകളാണ് , നാളെത്തെ മനുഷ്യർ . വിദ്യാർത്ഥികളുടെ
കഴിവുകൾ തെളിയിച്ച് ഈ മാഗസിന് ദർപ്പണം എന്ന പേരിൽ
അറിയിക്കുന്നു.കണ്ണാടി എന്ന അർത്ഥം വരുന്ന ദർപ്പണം,
കണ്ണാടിയെപോലെ മനോഹരമാക്കി ചിത്രീകരിച്ചിട്ടുണ്ട് ഈ
മാഗസിനിൽ. അറിവിന്റെ പാത നിങ്ങളുടെ മനസ്സിലേക്ക് ഒരു
വെളിച്ചമായി തുറന്നു കാട്ടുന്നതാകട്ടെ ഈ ദർപ്പണം.

സ്റ്റുഡന്റ് എഡിറ്റർ :- കുമാരി സംഹ ഖദീജ

# *LITTLE KITES UNIT*






# പ്രൊവിഡൻസ് സ്പന്ദനം

## DIAFOTIZO - 2K24

Our school annual day where our management,students, teachers and parents come together to showcase and celebrate achievements of the academic year and foster a sense of community .












സന്തോഷങ്ങളും കളിച്ചിരികളും കൂടിച്ചേർന്ന പ്രോവിഡൻസ്
കുടുംബത്തിന്റെ Diafotizo-2k24

# BALONCESTO 2023

## ALL KERALA INTER- SCHOOL BASKETBALL TOURNAMENT









# PROVIDENCE CHAMPIONS
## 2023

# 'WE ARE WITH YOU'

# OUR SOCIAL SERVICE TEAM












ദുഃഖത്തിൽ സ്വാന്തനവും പ്രതീക്ഷയും ദൗർബല്യത്തിൽ ശക്തിയും ഒപ്പം സ്നേഹവും കരുണയും അനുതാപവും പകർന്ന എന്റെ വിദ്യാലയത്തിന്റെ തനത് സംഘടനയായ 'WE ARE WITH YOU'തോൾ ചേർന്ന് സാമൂഹ്യ സേവന പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു .ലുക്കേമിയ ബാധിച്ച 10 വയസ്സിൽ താഴെ മാത്രം പ്രായമുള്ള എട്ടു രോഗികൾക്ക് സാമ്പത്തിക സഹായം നൽകാൻ സാധിച്ചു ക്യാൻസർ ബാധിച്ച് മറ്റൊരു രോഗിക്ക് സാമ്പത്തിക സഹായം നൽകി

# ECO CLUB








പ്രകൃതിയുടെ ഹൃദയം തൊട്ടറിയുന്നതിനായി 38 വിദ്യാർത്ഥിനികളെ കണ്ടെത്തിയ അഭിമാനം സൈലന്റ് വാലിയിൽ ത്രിദിന പ്രകൃതി പഠന ക്യാമ്പിൽ സംബന്ധിച്ച് കാടിന്റെ നിഗൂഢതകളും സ്പന്ദനവും ഭവാനിപ്പുഴയുടെ കുളിർമയം നാനാജാതി പക്ഷം അനുഭവം പ്രധാനം ചെയ്തു ദേശീയ ഹരിത സേനയുടെ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കടൽത്തീര ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു 2023ലെ ഹരിത സഭയിൽ പങ്കെടുക്കാനും റിപ്പോർട്ട് അവതരിപ്പിക്കാനും സാധിച്ചു















# ദ്യുതി

# മായാത്ത രോദനം

കാലമെത്രയൊ കടന്നുപോയെങ്കിലും
എന്നുള്ളിൽ ജ്വലിക്കുന്ന നിന്നോർമകൾ മാത്രം
കൂടെ നടക്കുവാൻ ആറുപേർ ഉണ്ടെന്നി ന്നോർമകൾ മാത്രം
ബാക്കിയായ് നിൽകെ
കുടെ ഉണ്ടായിരുന്നെങ്കിലെന്നാഗ്രഹിക്കുന്നു
ഞാൻ;എങ്കിലും നിന്നോർമ്മകൾ മാത്രം ബാക്കി
നിൻ ജീവസ്സറ്റ മനസ്സെൻ മനസ്സിൽ
എന്നും വേദനയായി ഓരോ ഉഷസ്സിലും
നീ വിടചൊല്ലും നേരമെൻ ഹ്രദയം
വിങ്ങി വിങ്ങി തകർന്നു പോയി
വിടപറഞ്ഞങ്കിലും മായാത്ത രോദനമായി
എൻ മനസ്സിൽ തങ്ങി നിൽക്കും പ്രിയ നീ!


-നൈനിക നാഥ് പി.ടി
VIII-C

# പ്രകൃതി ഒരു മാസ്മരികത

അന്തി മയങ്ങുന്ന നേരം
കിളികൾ തൻ മാസ്മര ശബ്ദം
നിലച്ച ആ നേരം
ഒരു ഈറൻ കാറ്റിൻ നേർത്ത
തലോടലായ് വന്നുവോ നീ
എൻ ഹൃത്തിനെ തഴുകി തലോടിയോ ?
ആരെയോ വരവേൽക്കാനായി
കാത്തുനിന്ന സൂനങ്ങൾ
വാടി തളർന്നു നിൽക്കവെ നിൻ
അലിവാർന്ന തലോടൽ
ഒരു അനുഭൂതിയായി മാറുന്ന നിമിഷം
സന്ധ്യതൻ ചുമപ്പിനെന്തു ചന്തം
കൂടണയും കിളികൾ പോലെ-
ഞാനും കൂടണയുന്നുവോ ?
നാളത്തെ പുലരിക്കായ് കൂടണയുന്നു.
ഇനിയും സുമങ്ങൾ വിടരട്ടെ
എങ്ങും സുഗന്ധം പരക്കട്ടെ
കിളികൾ തൻ ചിൽ-ചിൽ നാദം
ഇനിയും മുഖരിതമാകട്ടെ
അരുവികൾ നിറഞ്ഞൊഴുകട്ടെ
നല്ല പ്രഭാതത്തിനായ് കാതോർക്കട്ടെ
ആ മനോഹാരിതയിൽ ഞാനും
ധന്യയായി തീരട്ടെ
അരുവികൾ നിറഞ്ഞൊഴുകട്ടെ
നല്ല പ്രഭാതത്തിനായ് കാതോർക്കട്ടെ
ആ മനോഹാരിതയിൽ ഞാനും
ധന്യയായി തീരട്ടെ

ആർദ്ര . ബി
VI D

# പൂമ്പാറ്റ



വർണ്ണച്ചിറകുമായ് പാറിപ്പറക്കുന്ന ചിത്രശലഭമേ
നിന്റെ ചിറകുകൾക്കെന്തൊരു ഭംഗി
അല്പായുസായ് നീ പറക്കുന്നുവെങ്കിലും
തെല്ലൊരു ദുഃഖവുമില്ല നിൻ മുഖത്തായ്
തൊട്ടടുത്തായ് ഞാൻ പതുങ്ങിയെത്തുകിൽ
പാറിടുന്നു നീ അങ്ങകലേക്കായ്
കാത്തിരിക്കുന്നു ഞാൻ നിന്നെയെന്നും
എൻ തോട്ടത്തിന് ചാരുതയേകുവാൻ
പല പേരുകൾ നിനക്കുണ്ടെങ്കിലും
പൂമ്പാറ്റ എന്നതാണെനിക്കേറെയിഷ്ടം
അല്ലയോ പൂമ്പാറ്റേ നീയില്ലയെങ്കിൽ
ഉണ്ടാകുമോ ഈ പ്രകൃതിക്കിത്രയുമഴക്

രേവതി.പി
VI . E

# പൂവിന്റെ വാർദ്ധക്യം

സൂര്യതേജസിൽ പൂന്തോട്ടമദ്ധ്യത്തിൽ

പച്ചപ്പിൽ നിറഞ്ഞ പനിനീർച്ചെടിയിൽ

ഒരു കുഞ്ഞു മുകുളമായ് ഞാൻ ഒരു ചെറു-

ക്കാറ്റിൽ ഇളകിയാടവെ, എന്നെ ഒന്നു

തലോലിക്കുവാൻ പുണരുവാൻ കാത്തിരുന്നു പലരും

അങ്ങനെ ഒരു ദിനം മഞ്ഞുതുള്ളകൾ ഇറ്റിവീഴവെ

മുകുളങ്ങൾ വിരിഞ്ഞു ഞാൻ സുഗന്ധപൂരിത-

മയൊരന്തരീക്ഷത്തിൽ മിഴികൾ തുറക്കവേ

ഒടിയണിഞ്ഞു പുണരുന്ന ചെറുകാറ്റും

മൂളിയടുക്കുന്ന മധുപവും, ശലഭവും

ഉറ്റുനോക്കിയ ഉദയ സൂര്യകിരണങ്ങളും

എന്നെ മനോഹരിയാക്കി.

എത്ര സുന്ദരമീ ലോകം, ഞാനില്ലയെങ്കിൽ

ഇവരെങ്ങനെ ജീവിക്കും

ശലഭവും മധുപവും എന്നിലെ തേൻനുകർന്നും

കാറ്റും, അർക്കനും, ശശിയും എന്നിലെ മന്നോഹാരിത

ആസ്വദിച്ച നാളുകൾ കടന്നുപോയി.

ഇന്നു ഞാൻ ഇതളുകൾ കൊഴിഞ്ഞ,

തണ്ടറ്റു വീഴാനായി നിൽക്കവെ

എന്നിലെ തേൻ നുകരാറുള്ള മധുപവും

ശലദവും എവിടെ പോയി

മാരുതിയുടെ മന്ദമുള്ള തലോടലിൽ പോലും

എന്നിലെ ഇതളുകൾ കൊഴിഞ്ഞു വീഴവെ

തേന്നൂറ്റി നൽകിയ മക്കളെ ഒരു താങ്ങിനായി

കൊതിച്ചുപേവുന്നു ഈ ഞാനും

നിരണ്യ.കെ.എം

8-D




# വിദ്യാലയം

വിദ്യാലയം പൊതു വിദ്യാലയം
വിദ്യാലയം കാണാൻ എന്തു സുന്ദരം
കുടയും പിടിച്ച് വിദ്യലയത്തിൽ
പുസ്തകവുമായി വിദ്യലയത്തിൽ
കളി ചിരികളെല്ലാം വിദ്യലയത്തിൽ
പഠിച്ചു രസിക്കും  വിദ്യലയത്തിൽ
മാങ്ങ പറിക്കും വിദ്യലയത്തിൽ
കൊച്ചു കുറുമ്പുകൾ വിദ്യലയത്തിൽ
മാതാപിതാക്കളെ പോൽ അദ്ധ്യാപകർ
നമ്മുടെ കൂടെയുണ്ടാകുമല്ലോ
കൂട്ടുകാരെ പോൽ അദ്ധ്യാപകർ
നമ്മുടെ കൂടെയുണ്ടാകുമല്ലോ

സാനി മരിയ ഡിക്രൂസ്
VIII.C

# ഭൂമിയെ പ്രണയിച്ച കൂട്ടുകാരൻ

ഏറെ സാഹസികമായ ഒരു ലോകം .ഭൂമിയിൽ നിന്ന് വ്യത്യസ്തമായ ഒരിടം.മനുഷ്യരിൽ നിന്ന് വ്യത്യസ്തമായ ചില ജീവജാലങ്ങൾ. ഈ ഒരു അപൂർവ ലോകത്തിലെ മനുഷ്യരുടെ സ്നേഹം വളരെയധികം ആഴത്തിലായിരുന്നു. വളരെ സാഹസികമായ ഒരു ദിവസം ഏറെ സാഹസികമായി ജാവ്ഹോ വള്ളികളിൽ തൂങ്ങി കുരങ്ങനെ പോലെ ചാടികളിക്കുകയായിരുന്നു അവന് ഭൂമിയിലെ ജീവജാവലങ്ങളെക്കുറിച്ചറിയാൻ അതിയായ ആഗ്രഹമായിരുന്നു. അവന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്താണ് മിലി. ജാവ്ഹോയും മിലിയും ഒന്നിച്ചാണ് എന്നും കളിച്ച് രസിക്കുന്നത്.അവർ ഭൂമിയെ ഏറെ സ്നേഹിച്ചു.ഭൂമിയിലെ എല്ലാ ഇടങ്ങളിലും അവർ സന്ദർശിക്കണമെന്ന് ഏറെ ആഗ്രഹിച്ചു. അവർ ഒത്തുചേരുമ്പോഴെല്ലാം അവരുടെ ഈ ആഗ്രഹം നിർവേറ്റാൻ വേണ്ട കാര്യങ്ങളെല്ലാം ആലോചിച്ച് കുറിച്ചു വെക്കുമായിരുന്നു.ഒരു ദിവസം ജാവ്ഹോയും മിലിയും കളിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഒരു അപരിചിതനായ

വ്യക്തി ആ വഴി വന്നു.അവരിൽ നിന്ന് വ്യത്യസ്തനായ ഒരു വ്യക്തിയായിരുന്നു അത് .ആ ഒരു അപരിചിതനായ വ്യക്തിയെ കണ്ടയുടനെ ജാവ്ഹോയും മിലിയും അവിടേയ്ക്ക് ഓടിയെത്തി. അദ്ദേഹത്തെ കുറിച്ച് അറിയാൻ ശ്രമിച്ചു . അയാൾ പറഞ്ഞു താൻ ഭൂമിയിൽ നിന്നാണ് ഈ ഒരു അപൂർവമായ ലോകം ഒരിക്കലെങ്കിലും സന്ദർശിക്കണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ടായിരുന്നുവെന്നും പറഞ്ഞു. ഇന്ന് അത് നിറവേറ്റിയതിന്റെ സന്തോഷത്തിലാണ് അദ്ദേഹം. കുട്ടികൾ അവരുടെ മോഹവും അദ്ദേഹത്തോട് പറഞ്ഞു.അത് എത്രയും പെട്ടന്നു തന്നെ സംഭവിക്കുമെന്നും അദ്ദേഹം അവർക്ക് ആശ കൊടുത്തു. ജാവ്ഹോയും മിലിയുമൊത്ത് ആ വ്യക്തിയെ ആ ലോകം കാണിച്ചുകൊടുത്തു. അദ്ദേഹത്തിന് ഒരുപാട് ഇഷ്ടമായി. ഭൂമിയിലേക്ക് ഉടനെ തന്നെ വരണമെന്ന് പറഞ്ഞ് അദ്ദേഹം യാത്രയായി. ജാവ്ഹോയും മിലിയും അവരുടെ ആഗ്രഹം നിറവേറ്റാനുള്ള ധൃതിയിലാണ്. അവർ ദിവസവും ഓരോ കാര്യങ്ങൾ കണ്ടുപിടിച്ച് മുന്നോട്ട് ജീവിക്കുന്നു....

അനിക.സി VIII.C

# ചെമ്പരത്തി

നിറമില്ല  മണമില്ല

അഴകില്ലെനിക്കെന്നാരോ

പതിയെ പൂവിടുമ്പോൾ

എന്നിട്ടുമെന്തേ വിടർന്നു നിൽപ്പൂ

സന്താപ മില്ലാതെയീ വാടിയിൽ ഞാൻ

രുചിയുള്ള മധുവെന്നിലുണ്ടെന്ന കാര്യം

ആരും മൊഴിയാതെനിയ്ക്കറിയാം


ആരാദ്യ എം

VI E



# ഇനി ഒരു നേന വേണ്ട...!

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു  പെൺക്കുട്ടി ജീവിച്ചിരുന്നു. അവളുടെ പേര് നേന എന്നായിരുന്നു. അച്ഛനും അമ്മയും അനുജനും ചേർന്ന് ഒരു കൊച്ചു കുടുംബമായിരുന്നു. അച്ഛനും അമ്മയും കൂലിപ്പണിക്ക് പോകുന്നത് കൊണ്ടു തന്നെ അവളായിരുന്നു വീട്ടിലെ എല്ലാ ജോലികളും ചെയ്തിരുന്നത്. സ്കൂളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കുട്ടിയായയത് കൊണ്ട് അവളുടെ പഠനത്തിനുള്ള വക ആരോ ധാനം ചെയ്തിട്ടുണ്ട്. എല്ലാവർക്കും അവളെ പറ്റി നല്ലത് മാത്രമേ പറയാനുള്ളു പക്ഷേ അവളുടെ മാതാപിതാക്കൾ ,അവളുടെ നന്മയ്ക്കും ഉയർച്ചക്കും വേണ്ടി എല്ലാത്തിലും കുറ്റം കണ്ടുപിടിച്ച് മെച്ചപ്പെടുത്താൻ പറയും. അത് അവൾക്ക് ഇഷ്ട്മില്ലായിരുന്നു. അവർ കുറ്റപ്പെടുത്തുന്നത് തന്നെ ഇഷ്ടമില്ലാത്തതുകൊണ്ടാണ് എന്നവൾ കരുതി. എന്നും അവൾ സ്കൂളിൽ പോകുമ്പോൾ ഒരു പയ്യൻ അവളെ നോക്കി ചിരിക്കുമായിരുന്നു. ആദ്യമൊക്കെ അവൾ



കണ്ടില്ലെന്നഭിനയിക്കുമായിരുന്നെങ്കിലും പിന്നെ പിന്നെ അവളും ചിരിക്കാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം അവൻ തന്റെ ഇഷ്ടം അവളോട് പറഞ്ഞു. അവൾക്ക് അവനെ ഇഷ്ടമാണെന്ന് അവളും പറഞ്ഞു . പിന്നീട് പോക്കും വരവും എല്ലാം ഒരുമിച്ചായി. അവൾ അവനെ അഗാതമായി പ്രണയിച്ചു. പക്ഷെ അവളുടെ അച്ഛനും അമ്മയും ഇക്കാര്യമറിഞ്ഞു. അവർ അവളെ ഒരുപാട് ശാസിച്ചു , അന്നേരം അവൾക്ക് ഒരുപാട് വിഷമമായി . പിറ്റേന്ന് അവൾ കാര്യങ്ങൾ അവനോട് പറഞ്ഞു . അപ്പോൾ അവൻ നമുക്ക് ഒളിച്ചോടാം എന്ന് പറഞ്ഞു . അന്നേരം ആദ്യം അവൾ സമ്മതിച്ചില്ല. പക്ഷേ പിന്നീട് അവൾ സമ്മതിച്ചു. അങ്ങനെ രാത്രി അവൾ വീടിനു പുറത്തിറങ്ങിയപ്പോൾ അവൻ അവളെ അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു . വീട്ടിലേക്ക് ആണെന്ന് പറഞ്ഞ് അവൻ അവളെ കൊണ്ടുപോയത് ഒരു പഴയ കെട്ടിടത്തിലേക്കായിരുന്നു. അവിടെ വച്ച് അവൻ അവളെ ഒരുപാട് ഉപദ്രവിച്ചു അപ്പോൾ മാത്രമാണ് താൻ പെട്ടത് ഒരു ചതിക്കുഴിയിലാണെന്ന് അവൾക്ക് മനസ്സിലായത്. അവന്റെ ഉപദ്രവത്തിൽ അവളുടെ ദേഹത്തുനിന്ന് രക്തം വരുന്നുണ്ടായിരുന്നു. അവന്റെ

കണ്ണുകളിലും മുഖത്തും ക്രൂരതയുടെ നാണയം തിളങ്ങി . അങ്ങനെ മൂന്ന് ദിവസത്തെ കടുത്ത മർദനത്തിൽ രക്തസ്രാവം മൂലം അവൾ മരിച്ചു . 16 വയസ്സുമാത്രമുള്ള നേനയ്ക്ക് അവന്റെ കഴുകൻകണ്ണുകളിലെ ചതി മനസ്സിലാക്കാൻ കഴിയാത്തതാണ് അവളുടെ മരണത്തിന് കാരണമായത്.

നമുക്ക് ഒരിക്കലും ഒരാളെ കാണുമ്പോൾ തന്നെ അയാളുടെ മനസ്സിലിരിപ്പ് മനസ്സിലാക്കാൻ കഴിയില്ല. നാം അവരെ കണ്ണടച്ചു വിശ്വസിച്ചാൽ നേനയുടെ പോലെ ഒരു വിഷമകരമായ അന്ത്യം നമുക്കും വരും .നമ്മൾ എപ്പോഴും നമ്മുടെ മാതാപിതാക്കൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത് . അവരുടെ വാക്കുകൾ നമ്മൾ ഒരിക്കലും കേൾക്കാതെ പോകരുത് . ഇങ്ങനെ നമ്മളെല്ലാവരും മാതാപിതാക്കളെ അനുസരിച്ചാൽ നേനയുടെ പോലത്തെ ദുർമരണങ്ങൾ നമുക്ക് ഒഴിവാക്കാം.

യേന മറിയം എസ് വി,8D



# മൗനനൊമ്പരം

ആ കാഴ്ച... ഇപ്പോഴും നടുക്കത്തോടെ മാത്രം
ഓർക്കാൻ കഴിയുന്ന ആ സംഭവം!കണ്ണിനുമുമ്പിൽ
നടന്ന ദാരുണമായ സംഭവം-അവനെ നോക്കി
മൗനമായി കരഞ്ഞതും,നിസ്സഹായായി കണ്ണീർ
വാർത്തത് എല്ലാം തന്റെ മൗന നൊമ്പരങ്ങളുടെ
ഭാണ്ഡ രത്തിൽ അവശേഷിക്കട്ടെ.വർഷങ്ങൾക്ക് മുമ്പ്
ഒരു മേടപുലരിയിലാണ് പീതവർണ മണ്ണിന് സുന്ദരിയായി
നിൽക്കുന്ന തന്നെ സൗഹൃദഭാവത്തിൽ
അവൻ നോക്കിയത്.ഗാംഭീര്യം സ്ഫുരിക്കുന്ന ഭാവത്തിലും
തെളിയുന്ന സൗഹൃദം എന്നേയും
ആകർഷിച്ചു.മഴയും വെയിലും ഒന്നിച്ചു പങ്കിട്ട് കൊ-ഞ്ചലും
കുസൃതിയും ആസ്വദിച്ച് പ്രോവിഡൻസ് തിരുമുറ്റത്ത്
പരസ്പരം അടുക്കാനാവാതെ നിന്ന നമ്മൾ അനുഭവങ്ങൾ
അനുഭൂതികളും നുകർന്ന് രസകരമായ
നിമിഷങ്ങൾ ,ദിനങ്ങൾ....എന്നും ചിരിക്കുന്ന അല്ല,പൊട്ടി
ചിരിക്കുന്ന ഞാനും,മഹാത്മാവിന്റെ പാദം പതിഞ്ഞ
മണ്ണിന്റെ കാവലാളായി അവനും പക്ഷേ നിയമത്തിന്റെ
ഊരാക്കുടുക്കാണോ,മനുഷ്യന്റെ
മനുഷ്യത്വമില്ലായ്മയാണോ അവനെ അംഗഭംഗം

വരുത്തിയ ക്രൂരത...പ്രതികരിക്കാനോ ആശ്വസിപ്പിക്കാനോ
ആവാത്ത നിസഹായത–ആർക്കും ഒരു ദ്രോഹവും
ചെയ്യാതെ കുരുന്നുകൾക്ക്
കുളിരും കനിവും കനിയും നല്കി ആനന്ദിപ്പിച്ചതിന് ലഭിച്ച
സമ്മാനം,കണ്ണിച്ചോരയില്ലാതെ മനുഷ്യന്റെ ക്രൂരത!
അംഗങ്ങൾ ഛേദിക്കപ്പെട്ട്,തല മുണ്ഡതം ചെയ്യപ്പെട്ട
അവനെ കണ്ണിരോടെ മൗനമായി കണ്ടത്...
വിങ്ങലായി,തേങ്ങലായി കരങ്ങളാൽ
ആശ്വസിപ്പിക്കാനാവാതെ,വേരുകളാൽ പുണർന്ന്
നമ്മൾക്ക് ആശ്വസിക്കാം ഒപ്പം ഈ അ ണത്തിലൂടെ കടന്നു
പോവുന്ന തലമുറകളിലൂടെ നമുക്ക് ജീവിക്കാം നമ്മളായി
പ്രകൃതിയായി...പൊട്ടിച്ചിരിക്കുന്ന കൊന്നയായി,തേന്മറും
മാമ്പഴം പൊഴിക്കുന്ന തേന്മാവായി ഈ വിദ്യാകേന്ദ്രത്തിനി
സൗന്ദര്യം കാവൽ,എല്ലാം നല്കി ഇനിയും തുടരാം.....

ശ്രീ. ഗ്രേസ് ഷാലറ്റ്

പ്രോവിഡൻസ് അധ്യാപിക

# ഞാൻ



ജനിച്ചമണ്ണിൽ പൊടികുഞ്ഞായ്
കാലിട്ടടിച്ചും കയ്യിട്ടടിച്ചും
മുട്ടലിഴഞ്ഞും തപ്പിതടഞ്ഞും
അച്ഛന്റെ കയ്യിൽ തൂങ്ങിപിടിച്ചും
ഓടിക്കളിച്ചും ചാടിക്കളച്ചും
വളർന്നു ഞാനീമണ്ണിൽ
താരാട്ടുപാടിയുറക്കുമെന്നമ്മ
പിച്ചാപിച്ചാനടത്തുമെന്നച്ഛൻ
തേനേപാലേ വിളിച്ചുകൊണ്ടെന്നമ്മ
ഓടിച്ചിട്ടുപിടിക്കുമീയെന്നെ
പാലുതരാംപൊന്നേ ഓടിവായോ
താലോലം പാടിയുറക്കാം നിന്നെ
തങ്കതൊട്ടിലിൽ താരാട്ടാം
തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കാം
തത്തപ്പെണ്ണിനെ കൊഞ്ചിച്ചീടാം
കണ്ണാരംപൊത്തി കളിച്ചീടാം
ഓടിവാപൊന്നേ ഓടിവായോ
അന്നുമെനിക്കെന്തൊരുത്സാഹമാണിന്നെ
മുള്ളിലൊതുക്കി നടന്നിടുന്നു
ബാല്യമാം നമ്മുടെ കൂട്ടുകാരി
രമ്യമാം നമ്മുടെ ജീവിതത്തെ
കൊത്തിപ്പറിച്ചുകൊണ്ടോടിടുന്നു
എത്ര ശ്രമിച്ചാലും കിട്ടുകില്ല.

–ശിവന്യ കെ.

# Moon in Night

I'm the beacon of hope
when my Comrade Slumber,
too I'll be the enemy for night time
but still the descendants of earth
graciously welcomes me...
Some with their heart
Some with their soul,
And others with their tears
then too I Please them with
my beauty.
But when I get closer to
them some shows their crystal
heart, which makes me discreet...

Aleemah Mihra IX D

# നിറക്കൂട്ട്







NIDHA . PRAMOD

IX D













PROVIDENCE G H S S





# കൃതജ്ഞത

ആധുനിക കാലത്ത് കലയെ ഉള്ളിലൊതുക്കി നടക്കുന്ന വിദ്യാർത്ഥികളെ മനസ്സിലാക്കി ആ കലയെ പുറത്തെടുപ്പിച്ചവരാണ് ലിറ്റിൽ കൈറ്റസ് . വിദ്യാർത്ഥികളുടെ സ്വന്തം സർഗാത്മക കഴിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഇന്നത്തെ ചിന്തകളാണ് , നാളെത്തെ മനുഷ്യർ . വിദ്യാർത്ഥികളുടെ കഴിവുകൾ തെളിയിച്ച് ഈ മാഗസിന് ദർപ്പണം എന്ന പേരിൽ അറിയിക്കുന്നു.കണ്ണാടി എന്ന അർത്ഥം വരുന്ന ദർപ്പണം, കണ്ണാടിയെപോലെ മനോഹരമാക്കി ചിത്രീകരിച്ചിട്ടുണ്ട് ഈ മാഗസിനിൽ. അറിവിന്റെ പാത നിങ്ങളുടെ മനസ്സിലേക്ക് ഒരു വെളിച്ചമായി തുറന്നു കാട്ടുന്നതാകട്ടെ ഈ ധർപ്പണം.

ശ്രീ . ഗ്ലാഡി ഡി ക്കോസ്റ്റ

നന്ദി...